# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/149/2017 **പത്രക്കുറിപ്പ്** 2017 ജൂലായ് 17

**എം.ജി. പി. ജി ഏകജാലക പ്രവേശനം : പ്രൈവറ്റ് വിദ്യാർത്ഥികൾക്കും അവസരം നൽകുന്നതിന് ഓൺലൈൻ രജിസ്ട്രേഷൻ ജൂലായ് 31 വരെ നീട്ടി.**

പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികൾക്കുകൂടി അവസരം നൽകുന്നതിനായി മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഏകജാലകം വഴിയുള്ള ഒന്നാം വർഷ ബിരുദാന്തര ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനത്തിന് ഓൺ ലൈൻ രജിസ്ട്രേഷൻ ജൂലായ് 31 വരെ ദീർഘിപ്പിച്ചു. സർവ്വകലാശാല നേരിട്ട് ഏകജാലക സംവിധാനത്തിലൂടെ മെറിറ്റ് സീറ്റുകളിലേക്കും, എസ്.സി/എസ്.ടി/എസ്.ഇ.ബി.സി/ഇ.ബി.എഫ്.സി. സംവരണ സീറ്റുകളിലേക്കുമുള്ള അലോട്ട്മെന്റ് നടത്തും.

ഓൺലൈൻ രജിസ്ട്രേഷൻ www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ PGCAP എന്ന ലിങ്കിൽ പ്രവേശിച്ച് നടത്താവുന്നതാണ്. 'അക്കൗണ്ട് ക്രിയേഷൻ' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അപേക്ഷകന്റെ പേര്, ഇ-മെയിൽ വിലാസം, ജനനതീയതി, സംവരണ വിഭാഗം എന്നീ വ്യക്തിഗത വിവരങ്ങൾ നൽകി പാസ്വേഡ് സൃഷ്ടിച്ചശേഷം ഓൺലൈനായി നിശ്ചിത ആപ്ലിക്കേഷൻ ഫീ അടക്കേണ്ടതാണ്. അപേക്ഷാ ഫീസ് പൊതുവിഭാഗത്തിന് 1000/- രൂപയും എസ്. സി./എസ്. ടി വിഭാഗത്തിന് 500/- രൂപയുമാണ്. ഇത്തരത്തിൽ അപേക്ഷാഫീസ് ഒടുക്കിയാൽ മാത്രമേ അപേക്ഷകന്റെ അക്കൗണ്ട് പ്രവർത്തനക്ഷമമാക്കുകയുള്ളൂ. അപേക്ഷകന്റെ ആപ്ലിക്കേഷൻ നമ്പരായിരിക്കും ലോഗിൻ ഐ. ഡി. ഓൺലൈനായി ഫീസ് ഒടുക്കിയ ശേഷം അപേക്ഷകന്റെ വ്യക്തിഗത അക്കാദമിക വിവരങ്ങൾ നൽകേണ്ടതും വിശദമായ പരിശോധനകൾക്ക് ശേഷം ആപ്ലിക്കേഷൻ സബ്മിറ്റ് ചെയ്യേണ്ടതുമാണ്.

ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിശദമായ ഷെഡ്യൂളും, പ്രോഗാമുകളുടെ സീറ്റ് വിശദാംശങ്ങളും, യോഗ്യതാ മാനദണ്ഡങ്ങളും വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്.

എൻ. ആർ. ഐ/വികലാംഗ/സ്പോർട്സ്/കൾച്ചറൽ/സ്റ്റാഫ് ക്വോട്ട വിഭാഗങ്ങളിൽ സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നവർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ ജൂലായ് 25 നകം നേരിട്ട് അപേക്ഷ സമർപ്പിക്കണം. ഇവർക്ക് ഏകജാലക സംവിധാനത്തിലൂടെയുള്ള പ്രവേശനത്തിനു പ്രത്യേകമായി സീറ്റുകൾ സംവരണം ചെയ്തിട്ടില്ല. റാങ്ക് ലിസ്റ്റ് ജൂലായ് 27 ന് അതാത് കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കും. പ്രവേശനം ജൂലായ് 28 ന് കോളേജുകളിൽ നടത്തും

**എം. കോം ഓഫ് ക്യാമ്പസ് വൈവാ വോസി (ദയവായി എല്ലാ എഡിഷനുകളിലും)**

2017 ഏപ്രിൽ/മെയ് മാസങ്ങളിൽ നടത്തിയ എം. കോം ഓഫ് ക്യാമ്പസ് (സപ്ലിമെന്ററി/മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷകളുടെ പ്രോജക്ട് ഇവാല്യൂവേഷൻ/വൈവാ വോസി എന്നിവ എല്ലാ ജില്ലകളിലും രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്കായി ജൂലായ് 18, 19 തീയതികളിൽ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സിൽവർ ജൂബിലി പരീക്ഷാഭവനിലെ 201-ാം മുറിയിൽ വച്ച് നടത്തും. വിദ്യാർത്ഥികൾ ഹാൾടിക്കറ്റും തിരിച്ചറയിൽ രേഖകളും സഹിതം ഹാജരാകണം. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രൊജക്റ്റ്, വൈവാ വോസി**

2017 മെയ്, ജൂൺ മാസങ്ങളിൽ നടത്തിയ നാലാം സെമസ്റ്റർ എം. എസ്‌സി. ആക്ചൂറിയൽ സയൻസ്, (സി. എസ്. എസ് - റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) ഡിഗ്രി പരീക്ഷകളുടെ പ്രോജക്റ്റ്, വൈവാ വോസി എന്നിവ ജൂലായ് 19 ന് അതാത് കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 മെയ്, ജൂൺ മാസങ്ങളിൽ നടത്തിയ നാലാം സെമസ്റ്റർ എം. എസ്‌സി. ബയോടെക്നോളജി (സി. എസ്. എസ് - റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) ഡിഗ്രി പരീക്ഷകളുടെ പ്രോജക്റ്റ്, വൈവാ വോസി എന്നിവ ജൂലായ് 20 ന് അതാത് കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം. എ സോഷ്യോളജി (സി. എസ്. എസ് - 2015 അഡ്മിഷൻ റഗുലർ/2012, 2013, 2014 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ വൈവാ വോസി, ഡിസേർട്ടേഷൻ

എന്നിവ ജൂലായ് 25, 26 തീയതികളിൽ കോട്ടയം സി. എം. എസ്. കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബ‌ിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2016 നവംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം. ബി. എ (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 31 വരെ സ്വീകരിക്കും.

2017 ഫെബ്രുവരി , മാർച്ച് മാസങ്ങളിൽ നടത്തിയ ഒന്നു മുതൽ നാലു വരെ സെമസ്റ്റർ ബി. എസ്സി. കംപ്യൂട്ടർ സയൻസ് (മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 29 വരെ സ്വീകരിക്കും.

**എം. എസ്സി. ക്ലാസ്സുകൾ ജൂലായ് 24 ന് ആരംഭിക്കും.**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ 2017-19 അധ്യയന വർഷത്തിലെ ഒന്നാം വർഷ എം. എസ്സി. ക്ലാസ്സുകൾ ജൂലായ് 24 ന് ആരംഭിക്കും.

**എം. കോം സൂക്ഷ്മ പരിശോധന**

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം. കോം (സി. എസ്. എസ്) ഡിഗ്രി പരീക്ഷകളുടെ ഉത്തരക്കടലാസ് സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷിച്ചവർ ജൂലായ് 21, 22 തീയതികളിൽ ഹാൾടിക്കറ്റോ, തിരിച്ചറിയിൽ രേഖയോ സഹിതം പരീക്ഷാ ഭവനിലെ 226-ാം മുറിയിൽ ഹാജരാകണം.

**സംവരണ സീറ്റൊഴിവ്**

സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ എം. എസ്സി. കംപ്യൂട്ടർ സയൻസ് കോഴ്സിൽ എസ്. സി/എസ്. ടി വിഭാഗങ്ങളിൽ ഓരോ സീറ്റൊഴിവുണ്ട്. യോഗ്യതയുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ജൂലായ് 21 ന് രാവിലെ 10 മണിക്ക് ഓഫീസിൽ ഹാജരാകണം. ഫോൺ : 0481 2731037.

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ എം. എസ്സി. കോഴ്സിന് എസ്.ടി വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. യോഗ്യരായ വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ജൂലായ് 20 ന് വൈകുന്നേരം 5 മണിക്കുള്ളിൽ സ്കൂൾ ഓഫ് പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ ഹാജരാകണം. വിശദവിവരങ്ങൾ www.mgu.ac.in എന്ന സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**എം. ജി ബിരുദ വിദ്യാർത്ഥികൾക്ക് ഫോട്ടോ പതിച്ച ഗ്രേഡ്കാർഡ്.**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അവസാന സെമസ്റ്റർ ബിരുദ വിദ്യാർത്ഥികൾക്ക് കളർ ഫോട്ടോയും ആധുനിക സുരക്ഷാ ക്രമീകരണങ്ങളും ഉൾപ്പെടുന്ന കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് കം ഗ്രേഡ് കാർഡുകളുടെ വിതരണം, വൈസ് ചാൻസലർ ഡോ : ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു.

സർവ്വകലാശാലാ സിൻഡിക്കേറ്റ് ഹാളിൽ നടന്ന ചടങ്ങിൽ പരീക്ഷാകമ്മറ്റി കൺവീനർ ഡോ. ആർ പ്രഗാഷ്, സിൻഡിക്കേറ്റംഗങ്ങൾ എന്നിവരുടെ സാനിദ്ധ്യത്തിൽ നടന്ന ചടങ്ങിൽ സിൻഡിക്കേറ്റിലെ വിദ്യാർത്ഥി പ്രതിനിധിയായ കുമാരി ആര്യാ രാജൻ വൈസ്ചാൻസലറിൽ നിന്നും ആദ്യ ഗ്രേഡ്കാർഡ് ഏറ്റുവാങ്ങി. എ3 വലുപ്പത്തിലുള്ള നവീന ഗ്രേഡ്കാർഡിൽ വാട്ടർമാർക്ക്, അദൃശ്യ ലോഗോ മുതലായ സുരക്ഷാ സംവിധാനങ്ങളും വിദ്യാർത്ഥികളുടെ ജനനതീയതിയുൾപ്പെടെയുള്ള വ്യക്തിഗത വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. അനധികൃതമായി പകർപ്പെടുക്കാൻ സാധിക്കാത്ത രീതിയിലുള്ള സവിശേഷതകളും പുതിയ ഗ്രേഡ് കാർഡിലുണ്ട്. ബിരുദ പരീക്ഷയിലെ എല്ലാ സെമസ്റ്ററുകളുടേയും മാർക്കും ഗ്രേഡും ചേർത്തതാണ് പുതിയ ഗ്രേഡ് കാർഡ്. ഈ വർഷം മാർച്ച്, ഏപ്രിൽ മാസങ്ങളിൽ നടത്തിയ ആറാം സെമസ്റ്റർ ബിരുദ പരീക്ഷയെഴുതിയ വിദ്യാർത്ഥികളുടെ ഗ്രേഡ് കാർഡുകളാണ് ഇത്തരത്തിൽ വിതരണത്തിന് തയ്യാറാക്കിയരിക്കുന്നത്.

**അടിക്കുറിപ്പ്**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ബിരുദ വിദ്യാർത്ഥികൾക്ക് നവീന മാതൃകയിലുള്ള ഗ്രേഡ്കാർഡ് വിതരണത്തിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ നിർവ്വഹിക്കുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**